ഉത്തരം

(എ) ഡീസലിന്റെ ലഭ്യത കുറവു കാരണം വരുമാനം കുറഞ്ഞ ചില ഷെഡ്യൂളുകൾ തൽക്കാലത്തേക്ക് നിർത്തലാക്കേണ്ടി വന്നിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ ഒരു ഡിപ്പോയിലും സർവ്വീസുകൾ സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

(സി) തൽക്കാലത്തേക്ക് നിർത്തിവെക്കിയ വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായി പുനരാരംഭിക്കുവാനുള്ള നടപടി എടുത്തുവരുന്നു.

കെ.എസ്.ആർ.ടി.സി. യിലെ ദിവസക്കൂലി ജീവനക്കാർ

27 (1583) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ പതിനഞ്ചു വർഷത്തിലേറെയായി ദിവസക്കൂലിക്ക് ജോലിചെയ്യുന്ന തൊഴിലാളികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ എത്രപേർ വീതം എന്ന് വെളിപ്പെടുത്തുമോ ;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷന് നിയമനാധികാരമുള്ള തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1998-ൽ തുർച്ചയായി 15 വർഷം ദിവസക്കൂലി അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ തിരുവനന്തപുരം സെൻട്രലിലെ 10 പേരെയും സെൻട്രൽ വർക്സ് പാപ്പനംകോട്ടെ 78 പേരെയും റിജിയണൽ വർക്ക്ഷോപ്പ് ആലുവയിലെ 2 പേരെയും, റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കരയിലെ ഒരാളിനെയും ട്രാൻസ്പോർട്ട് കോർപ്പറേഷന് നിയമനാധികാരമുള്ള ഗ്യാരേജ് മസ്ദൂർ ആയി സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

കല്ലടത്തണ്ടി ബസ്സപകട അന്വേഷണകമ്മീഷൻ റിപ്പോർട്ട്

28 (1584) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കല്ലടത്തണ്ടി ബസ്സപകട അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വാഹനാപകടമരണങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സാങ്കേതിക ഉദ്യോഗസ്ഥരായ എ.എം.വി.ഐ., എം.വി.ഐ. എന്നിവരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഈ റിപ്പോർട്ടിൻ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ഡി) ഓരോ ജില്ലകളിലും വകുപ്പിന്റെ എത്ര എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വീതം ആരംഭിക്കുവാനാണ് ശുപാർശ ചെയ്തിട്ടുള്ളത് ;

(ഇ) ഓരോ സ്ക്വാഡിലും എത്ര എ.എം.വി.ഐ., എം.വി.ഐ. മാരുടെ തസ്തികകളാണ് ശുപാർശയിലുള്ളത് ;

(എഫ്) ഈ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപകട മരണങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങളൊന്നും പ്രസ്തുത റിപ്പോർട്ടിലില്ല. എന്നാൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിന് ചില നിർദ്ദേശങ്ങൾ ഉണ്ട്. അവ ചുവടെ ചേർക്കുന്നു.

1. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാരുടെ ഓഫീസ് ജോലികൾ ലഘൂകരിച്ച് കൂടുതൽ സമയം വാഹന പരിശോധനയ്ക്കും നിയമ നടത്തിപ്പിനും അവസരമൊരുക്കുക.
2. വകുപ്പിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കാറുകളും, എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നിവർക്ക് മോട്ടോർ സൈക്കിളുകളും ലഭ്യമാക്കുക, പുക പരിശോധന, വേഗത നിർണ്ണയ ഉപകരണങ്ങൾ, വയർലെസ്സ് സെറ്റ് എന്നിവയും ലഭ്യമാക്കണം.
3. ജില്ലതോറും കുറഞ്ഞത് രണ്ട് ഫ്ളെയിംഗ് സ്ക്വാഡുകൾ വീതമെങ്കിലും രൂപീകരിക്കുക.
4. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഉൾപ്പെടെ എല്ലാ ഫീൽഡ് ഉദ്യോഗസ്ഥരും ആഴ്ചയിൽ 10 മണിക്കൂറെങ്കിലും ഫീൽഡ് ചെക്കിംഗ് നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

5. മോട്ടോർ വാഹന വകുപ്പിൽ സംസ്ഥാനത്തെ വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, ക്ലറിക്കൽ ജീവനക്കാർ എന്നിവരെ നിയമിക്കുക.

6. എല്ലാ ജില്ലകളിലും ഡ്രൈവർ ട്രെയിനിംഗ് സ്കൂളുകൾ സ്ഥാപിക്കുക.

7. നന്നായി ജോലി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുകയും മോശമായി ജോലി ചെയ്യുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

(സി) ഉണ്ട്.

(ഡി) രണ്ട് വീതം.

(ഇ) എണ്ണം വ്യക്തമാക്കിയിട്ടില്ല.

(എഫ്) (1) കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(2) 5 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും 3 പുതിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും രൂപീകരിക്കുവാനും അതുവഴി 101 തസ്തികകൾ (മിനിസ്റ്റീരിയൽ എക്സിക്യൂട്ടീവ് വിഭാഗങ്ങളിൽ) സൃഷ്ടിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

(3) ഫീൽഡ് വർക്ക് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ മേലുള്ള കോടതിയലക്ഷ്യക്കേസുകൾ

29 (1585) ശ്രീ. പി. ജെ. ജോയി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ ആനുകൂല്യങ്ങൾ നൽകാത്തതുസംബന്ധിച്ച് കോടതി ഉത്തരവ് പാലിക്കാതിരുന്നതിന്റെ പേരിൽ 2000-ാംമാണ്ടിൽ കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറുടെ മേൽ എത്ര കോടതിയലക്ഷ്യകേസുകൾ ഉണ്ടായി ;

(ബി) ഈ കേസുകളെ സംബന്ധിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തു തുക വേണ്ടിവരും ;

(സി) എന്നുമുതലുള്ള പെൻഷൻ, ആനുകൂല്യങ്ങളാണ് ഈ കേസ് പ്രകാരം കൊടുക്കേണ്ടത് ;

(ഡി) ഇതിൽ എന്തു തുക ഇതുവരെ കൊടുക്കാൻ കഴിഞ്ഞു ;

(ഇ) പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly